# കേരള വനം വകുപ്പ്
# കോട്ടൂർ ആന പുനരധിവാസ കേന്ദ്രം
# (കിഫ്ബി പ്രോജക്ട്)

**No.SPV 02/2026** **തീയതി:** 14.10.2026

## അസിസ്റ്റന്റ് മഹോട്ട് (ആന പാപ്പാൻ)

കോട്ടൂരിൽ പ്രവർത്തിച്ചുവരുന്ന ആന പുനരധിവാസ കേന്ദ്രത്തിൽ അസിസ്റ്റന്റ് മാഹട്ട് (ആന പാപ്പാൻ) തസ്തികയിൽ ഹൈപ്പവർ കമ്മിറ്റി അംഗീകാരത്തോടെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**പൊതുവായ വിവരങ്ങൾ**

1. വിദ്യാഭ്യാസ യോഗ്യതകൾ, മുൻ ജോലി പരിചയം, പ്രായ പരിധി, കരാർ വേതനം, നിയമന കാലാവധി, ശാരീരിക യോഗ്യതകൾ, മെഡിക്കൽ സ്റ്റാന്റേർഡ്സ്, അപേക്ഷ ഫോറം എന്നിവ ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്.
2. **തെരഞ്ഞെടുപ്പ് രീതി:** അപേക്ഷകരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയാറാക്കും. ഇവരിൽനിന്നും അഭിമുഖത്തിന്റെയും പ്രാക്ടിക്കൽ ടെസ്റ്റിന്റെയും അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽനിന്നും നിയമനം നടത്തും.
3. **മെഡിക്കൽ സർട്ടിഫിക്കറ്റുകൾ :** മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, കാഴ്ച്ച ശക്തി സർട്ടിഫിക്കറ്റുകൾ, എന്നിവ നിയമന സമയത്തുമാത്രം ഹാജരാക്കിയാൽ മതിയാകും.
4. **അപേക്ഷ സമർപ്പിക്കേണ്ട വിധം :** അപേക്ഷാ ഫോറം ഈ പരസ്യത്തിന്റെ അനുബന്ധമായി കേരള വനം വകുപ്പിന്റെ **www.forest.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം പത്ര മാധ്യമങ്ങളിലൂടെ അറിയിച്ചിട്ടുണ്ട്. വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ച്, ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലടച്ചു താഴെ പറയുന്ന അഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും **errckottoor@gmail.com** എന്ന ഇമെയിലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കണം.

   **കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്**

   **അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്**

   **ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്**

   **വഴുതക്കാട് പി.ഒ**

   **തിരുവനന്തപുരം 695014**

   **കേരളം, ഇ.മെയിൽ : errckottoor@gmail.com**

5. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **31.10.2026 വൈകുന്നേരം 5.00 മണി** വരെ ആണ്. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

**യോഗ്യതകൾ**

1. **വിദ്യാഭ്യാസ യോഗ്യത :** ഏഴാം ക്ലാസ് പാസ്സായിരിക്കണം. ഡിഗ്രി ഉണ്ടായിരിക്കുവാൻ പാടില്ല.

2. വനം വകുപ്പിലോ, വനം വകുപ്പിൽനിന്നും ലഭിച്ച ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുള്ള ആന ഉടമസ്ഥരുടെ കീഴിലോ ആന പാപ്പാൻ / കാവടി എന്നീ ജോലികളിലുള്ള **കുറഞ്ഞത് 3 വർഷത്തെ** പരിചയം അഭികാമ്യം.

3. ശാരീരിക അളവുകൾ കുറഞ്ഞത് 163 സെന്റീമീറ്റർ പൊക്കവും 81 സെന്റീമീറ്റർ നെഞ്ചളവും ശ്വാസം പിടിക്കുമ്പോൾ നെഞ്ചളവിൽ 5 സെന്റീമീറ്റർ വികാസവും ഉണ്ടാകണം. പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പൊക്കത്തിൽ 5 സെന്റീമീറ്ററും നെഞ്ചളവിൽ 2.5 സെന്റീമീറ്ററും ഇളവ് അനുവദിക്കും. എന്നാൽ നെഞ്ചളവിലുള്ള 5 സെന്റീമീറ്റർ ഉണ്ടായിരിക്കണം.

4. അപേക്ഷകന് താഴെ പറയുന്ന മെഡിക്കൽ സ്റ്റാൻഡേർഡ്സ് ഉണ്ടായിരിക്കണം.
   1. **ചെവി :** കുറ്റമറ്റ കേഴ്‌വി ശക്തി ഉണ്ടായിരിക്കണം.
   2. **കണ്ണുകൾ :** ദൂരക്കാഴ്ച : 6/6 സ്നേല്ലൻ (snellen)
      സമീപരക്കാഴ്ച : 0.5 സ്നേല്ലൻ (snellen)
      കളർ വിഷൻ : നോർമൽ
      നിശാന്ധത (night blindness) : ഉണ്ടാകരുത്
   3. **പേശികളും സന്ധികളും :** പക്ഷാഘാതം (paralysis) ഉണ്ടാകരുത്. സന്ധികൾ യഥേഷ്ടം ചലിപ്പിക്കുവാൻ കഴിയണം.
   4. **നഡീ വ്യൂഹം** (nervous system) പൂർണ്ണമായും കുറ്റമറ്റതാകണം. പകർച്ച വ്യാധി മുക്തമാകണം.

   *സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജ്ജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും, കണ്ണ് ഡോക്ടർ നൽകിയ കാഴ്ച്ചശക്തി സർട്ടിഫിക്കറ്റും അഭിമുഖ സമയത്ത് ഹാജരാക്കണം.*

5. **പ്രായം:** അപേക്ഷകൻ **2026 ജനുവരി 1 ന് 45 വയസ്സ്** കഴിയാത്തവരായിരിക്കണം. പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ അനുവദനീയമായ ഇളവ് ലഭിക്കുന്നതാണ്.

6. **ഒഴിവുകൾ :** 2 (രണ്ട്)

7. **വേതനവും നിയമന കാലാവധിയും :** കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം **20280/-** രൂപയോ സർക്കാർ ഈ തസ്തികയ്ക്കായി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വേതനമോ ഏതാണോ കൂടുതൽ അത് ആയിരിക്കും. കാര്യക്ഷമതയില്ലായ്മ കാരണമോ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെട്ടതായി ബോദ്ധ്യപ്പെട്ടാലോ നിശ്ചിത കാലയളവിനു മുമ്പായി സാമാന്യ നീതി തത്വങ്ങൾക്കനുസൃതമായി കരാർ റദ്ദാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്നപക്ഷം കരാർ പുതുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

OFFICE OF THE CONSERVATOR OF FORESTS A.B.P. CIRCLE, TVPM

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
എ.ബി.പി. സർക്കിൾ

## ആന പുനരധിവാസ കേന്ദ്രം, കോട്ടൂർ

### അസിസ്റ്റന്റ് മാഹട്ട് (ആന പാപ്പാൻ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാ ഫോറം.

അടുത്ത കാലത്തെ ടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2. | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4. | മൊബൈൽ നമ്പർ | |
| 5. | ഇ-മെയിൽ ഐ.ഡി (ഉണ്ടെങ്കിൽ) | |
| 6. | ജനന തീയതിയും 01.01.2025 ലെ പ്രായവും | |
| 7. | വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരങ്ങൾ | |

| ക്രമ നം | യോഗ്യത | പഠിച്ച സ്ഥാപനം | പാസ്സായ വർഷം | ലഭിച്ച മാർക്ക് (%) |
|---|---|---|---|---|
| 1. | സ്റ്റാന്റേർഡ് 7 പാസ്സായ വർഷം | | | |
| 2. | മറ്റു വിദ്യാഭ്യാസ യോഗ്യതകൾ | | | |

| | |
|---|---|
| 8. | ജോലി പരിചയം സംബന്ധിച്ച വിവരങ്ങൾ |

| ക്രമ നം | ജോലി ചെയ്ത തസ്തികയുടെ പേര് | ജോലി ചെയ്ത സ്ഥാപനം / ആനയുടമയുടെ പേര് | ആന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നമ്പർ | ജോലിക്കു ചേർന്ന തീയതി | ജോലി അവസാനിപ്പിച്ച തീയതി |
|---|---|---|---|---|---|
| 1. | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 9. | ഇപ്പോൾ ചെയ്യുന്ന ജോലിയുടെ വിശദാംശങ്ങൾ | | | | |
| | | | | | |

*നോട്ട് :*

1. *ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*
2. *ജോലി പരിചയം സംബന്ധിച്ചു ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നും / ആനയുടമയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ അപേക്ഷയോടൊപ്പം ചേർക്കണം.*

## സത്യപ്രസ്താവന

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി